# കേരളസർവകലാശാല

നം.പി.ആർ.47/2021

## പത്രക്കുറിപ്പ്

### ഒന്നാം വർഷ ബി.എഡ് പ്രവേശനം - 2020
### ജനറൽ/മറ്റ് വിഭാഗങ്ങൾ കോളേജ് തലത്തിൽ സ്പോട്ട് അഡ്മിഷൻ - ഫെബ്രുവരി 26-ന്

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള കെ.യു.സി.ടി.ഇ. കായംകുളം കോളേജിലേക്ക് ഫിസിക്കൽ സയൻസിന് ഒരു ഒഴിവും, കാഞ്ഞിരംകുളം കുഞ്ഞുകൃഷ്ണ നാടാർ ബി.എഡ്. കോളേജിലേക്ക് സോഷ്യൽ സയൻസിന് ഒരു ഒഴിവും കോളേജ് തലത്തിൽ ഫെബ്രുവരി 26-ാം തീയതി സ്പോട്ട് അഡ്മിഷൻ നടത്തി നികത്തുന്നതാണ്.

താല്പര്യമുള്ള വിദ്യാർത്ഥികൾ അതതു കോളേജുകളിൽ രാവിലെ 10 മണിക്ക് മുമ്പായി എല്ലാ അസൽ സർട്ടിഫിക്കറ്റുകളുമായി (ടി.സി ഉൾപ്പടെ) കോളേജിൽ നേരിട്ട് ഹാജാരാകേണ്ടതാണ്. നിലവിൽ അഡ്മിഷൻ ലഭിക്കാത്ത വിദ്യാർത്ഥികളെ മാത്രമാണ് സ്പോട്ട് അഡ്മിഷനു പരിഗണിക്കുന്നത്. കോളേജ് ട്രാൻസ്ഫർ/ കോഴ്സ് ട്രാൻസ്ഫർ ഒന്നും തന്നെ പരിഗണിക്കുന്നതല്ല.

അഡ്മിഷൻ ലഭിച്ചാൽ ഒടുക്കേണ്ട യൂണിവേഴ്സിറ്റി അഡ്മിഷൻ ഫീസ് (എസ്.ടി/എസ്.സി വിഭാഗങ്ങൾക്ക് 230 രൂപ, ജനറൽ/ മറ്റ് സംവരണ വിഭാഗങ്ങൾക്ക് 1130 രൂപ) കൈയിൽ കരുതേണ്ടതാണ്. മുമ്പ് യൂണിവേഴ്സിറ്റി അഡ്മിഷൻ ഫീസ് അടച്ചവർ പേയ്മെന്റ് രസീതിന്റെ കോപ്പി കൈയിൽ കരുതണം.

കോവിഡ് മഹാമാരിയുമായി ബന്ധപ്പെട്ട പ്രോട്ടോകോൾ അഡ്മിഷൻ സമയത്ത് നിർബന്ധമായും പാലിക്കേണ്ടതാണ്. സാമൂഹിക അകലം പാലിക്കൽ, സാനിറ്റൈസർ ഉപയോഗം തുടങ്ങിയ കാര്യങ്ങൾ ഉറപ്പു വരുത്തേണ്ടതാണ്. അഡ്മിഷൻ സമയം മുഴവൻ വിദ്യാർത്ഥികൾ മാസ്ക് ധരിക്കേണ്ടതാണ്. യാതൊരു കാരണവശാലും കൂട്ടം കൂടാൻ പാടില്ല. 2 മീറ്റർ അകലം നിർബന്ധമായും പാലിക്കേണ്ടതാണ്. സ്പോട്ട് അലോട്ട്മെന്റ് നടക്കുന്ന ഹാളിനുള്ളിലേക്ക് വിദ്യാർത്ഥിയെ മാത്രമേ പ്രവേശിപ്പിക്കുകയുള്ളു.

### ബി.എച്ച്.എം.സി.റ്റി. റാങ്ക്ലിസ്റ്റ് പ്രസിദ്ധീകരിച്ചു.

കേരളസർവകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ലൂർദ് മാതാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എച്ച്. എം.സി.റ്റി., കുറ്റിച്ചൽ, തിരുവനന്തപുരം, സ്നേഹാചാര്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആന്റ് ടെക്നോളജി, കരുവാറ്റ, ആലപ്പുഴ, ശ്രീനാരായണഗുരു മെമ്മോറിയൽ കാറ്ററിംഗ് കോളേജ്, തുറവൂർ, ആലപ്പുഴ എന്നീ കോളേജുകളിലേക്കുള്ള 2021 ഫെബ്രുവരി 10 ന് നടത്തിയ ബി.എച്ച്.എം.സി.റ്റി. പ്രവേശന പരീക്ഷയുടെ റാങ്ക്ലിസ്റ്റ് പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

### ടൈംടേബിൾ

കേരളസർവകലാശാല മാർച്ചിൽ ആരംഭിക്കുന്ന റെഗുലർ ബി.ടെക്. എട്ടാം സെമസ്റ്റർ കോഴ്സ്കോഡിൽ വരുന്ന ബി.ടെക്. പാർട്ട് ടൈം റീസ്ട്രക്ച്ചേർഡ് 2013 സ്കീം എട്ടാം സെമസ്റ്റർ, ആറാം സെമസ്റ്റർ, നാലാം സെമസ്റ്റർ പരീക്ഷകളുടെ ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാഫീസ്

കേരളസർവകലാശാല മാർച്ചിൽ നടത്തുന്ന രണ്ടാം സെമസ്റ്റർ പോസ്റ്റ് ഗ്രാജ്വേറ്റ് ഡിപ്ലോമ ഇൻ ജിയോ ഇൻഫർമേഷൻ സയൻസ് ആന്റ് ടെക്നോളജി (പി.ജി.ഡി.ജി.ഐ.എസ്.ടി.) പരീക്ഷയ്ക്ക് പിഴ കൂടാതെ മാർച്ച് 4 വരെയും 150 രൂപ പിഴയോടെ മാർച്ച് 8 വരെയും 400 രൂപ പിഴയോടെ മാർച്ച് 10 വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

പബ്ലിക് റിലേഷൻസ് ഓഫീസർ

തിരുവനന്തപുരം.
24.02.2021

For exam related queries **examhelpdesk1@keralauniversity,examhelpdesk2@keralauniversity**

**E-mail:ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 9188526670, 9188526671, 9188526674, 9188526675**